**പതിമൂന്നാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം
# സംബന്ധിച്ച സമിതി
# (2011-2014)

## മൂന്നാമത് റിപ്പോർട്ട്

(ഗൾഫിലെ തൊഴിൽ നിയമംമൂലം തിരിച്ചുവരേണ്ടിവരുന്ന പ്രവാസി
മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും
സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ
അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)

(2013 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

## മൂന്നാമത് റിപ്പോർട്ട്

(ഗൾഫിലെ തൊഴിൽ നിയമംമൂലം തിരിച്ചുവരേണ്ടിവരുന്ന പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)

(2013 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്)

1055/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : സമിതിയുടെ ശുപാർശകൾ/നിർദ്ദേശങ്ങൾ | .. | 9 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. പി. ബി. അബ്ദുൾ റസാക്
ശ്രീ. പി. എ. മാധവൻ
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീ. തോമസ് ചാണ്ടി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
ശ്രീ. എസ്. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കവിത ഉണ്ണിത്താൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും വിദേശങ്ങളിലും ഉള്ള മലയാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടത്. സൗദി അറേബ്യയിലും കുവൈത്തിലും തൊഴിൽ നിയമങ്ങൾ കർക്കശമാക്കിയതിനെത്തുടർന്ന് ഏകദേശം 5615 പ്രവാസികൾ ഇതിനകം കേരളത്തിൽ മടങ്ങിയെത്തിയിട്ടുണ്ട്. ഇപ്പോൾ പ്രതിദിനം നൂറോളം പേർ മടങ്ങിയെത്തിക്കൊണ്ടിരിക്കുന്നു. ജോലി നഷ്ടപ്പെട്ട അയ്യായിരത്തോളംപേർ ഔട്ട്പാസിനായി സൗദിയിലെ ഇന്ത്യൻ എംബസിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. തൊഴിൽ നിയമങ്ങൾ കർക്കശമാക്കുന്നതിനുള്ള സമയപരിധി സൗദി സർക്കാർ 2013 നവംബർ 4 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരം തേടുവാൻ സമിതി കാത്തുനിന്നില്ല. മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ തൊഴിൽ നിയമംമൂലം മടങ്ങിവന്ന പ്രവാസികളെ 2013 ജൂൺ മാസം 6-ാം തീയതി മലപ്പുറം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിളിച്ചുചേർക്കുകയും മടങ്ങിവന്ന പ്രവാസികളുമായും സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയും അവരിൽനിന്നും പരാതികൾ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണ് സമിതി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2013 ജൂൺ 19-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

അബ്ദുറഹിമാൻ രണ്ടത്താണി,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2013 ജൂലൈ 8.

## റിപ്പോർട്ട്

കേരളത്തിന്റെ സമസ്ത മേഖലകളിലും ചലനം സൃഷ്ടിച്ച ഗൾഫ് യാത്രകൾ ആരംഭിക്കുന്നത് 1960കളുടെ അവസാനത്തോടെയാണ്. 1970കളുടെ തുടക്കത്തോടെ അതൊരു വൻ പ്രവാഹമായി മാറി. അവിദഗ്ദ്ധ തൊഴിലാളികളുടെ ഗൾഫിലേക്കുള്ള അധിനിവേശം അക്കാലത്തെ കേരള ചരിത്രത്തിലെ ഒരു പ്രതിഭാസം തന്നെയായിരുന്നു. പ്രസ്തുത യാത്രകൾ സാധാരണക്കാരായ മലയാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയതോടൊപ്പം കേരളത്തിന്റെ സമസ്ത മേഖലകളിലും വിപ്ലവകരമായ പരിവർത്തനത്തിനും ഹേതുവായി. അവിദഗ്ദ്ധ തൊഴിലാളികളെ പിൻതുടർന്ന് തൊഴിൽ വൈദഗ്ദ്ധ്യം നേടിയ ഒരു തലമുറകൂടി ഗൾഫിലേക്ക് വിമാനം കയറുവാൻ തുടങ്ങിയതോടെ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറുവാൻ തുടങ്ങി. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങൾക്കും നേരിടേണ്ടിവന്ന സാമ്പത്തികമാന്ദ്യവും വികസന മുരടിപ്പും ബാധിക്കാതെ സമൃദ്ധിയുടെയും സാമ്പത്തിക വളർച്ചയുടെയും നാളുകൾ സ്വായത്തമാക്കുവാൻ കേരളത്തിന് കഴിഞ്ഞത് പ്രവാസി മലയാളികളുടെ സംഭാവന കൊണ്ടുകൂടിയാണെന്ന സത്യം വിസ്മരിക്കാവുന്നതല്ല.

2. പ്രവാസികളുടെ പറുദീസയായ ഗൾഫ് നാടുകളിൽ 'അലാവുദ്ദീന്റെ അത്ഭുത വിളക്ക്' തേടിയുള്ള മലയാളികളുടെ പ്രവാസ പ്രയാണം അരനൂറ്റാണ്ട് പിന്നിട്ടുകഴിഞ്ഞു. ചെറിയ ലോഞ്ചുകളിൽ സാഹസിക യാത്ര നടത്തി അറബിക്കടൽ താണ്ടിയ ആദ്യ പ്രവാസതലമുറ ഉരുകുന്ന ചൂടിലും മരവിച്ചു പോകുന്ന തണുപ്പിലും കഠിനാദ്ധ്വാനം ചെയ്തു. അറേബ്യൻ മരുഭൂമിയിൽ ഒഴുകിയിറങ്ങിയ എണ്ണപ്പാടങ്ങൾ അവരുടെയും കുടുംബത്തിന്റേയും ഭാഗധേയം തിരുത്തിയെഴുതി. ഒപ്പം കേരളത്തിന്റെയും. കേരളത്തിൽ ഗൾഫ് സമ്പത്ത് തീർത്ത വസന്തങ്ങൾക്ക് പിന്നിൽ, മരുഭൂമിയിലേതിനെക്കാൾ ചൂടേറിയ വിരഹത്തിന്റെയും വേർപാടിന്റെയും എത്രയോ കഥകൾ ഒളിഞ്ഞുകിടപ്പുണ്ട്. ഒരിടത്തും പരാമർശിക്കപ്പെടാതെ, സമുദ്രങ്ങളിലും, മണലാരണ്യങ്ങളിലും മറഞ്ഞുപോയ മലയാളികളെയും മറക്കാവുന്നതല്ല.

3. വർഷങ്ങളോളം നീണ്ടുനിന്ന ഗൾഫിലെ പുഷ്ക്കല കാലത്തിന് മങ്ങലേറ്റ് തുടങ്ങിയതായി സമീപകാല സംഭവങ്ങൾ വ്യക്തമാക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ മലയാളികളുടെ തൊഴിലവസരങ്ങൾ കടുത്ത വെല്ലുവിളി നേരിട്ടുതുടങ്ങി. ഇനി എത്ര കാലം മണലാരണ്യങ്ങളിൽ സ്വപ്നം വിളയിക്കാൻ കഴിയുമെന്ന് പറയാൻപോലും കഴിയാത്തവണ്ണം കാര്യങ്ങൾ മാറിമറിയുകയാണ്. 2011 മുതൽ തന്നെ കേരളത്തിലേക്ക് മടങ്ങിവരാൻ പ്രവാസി മലയാളികൾ നിർബന്ധിതരായിത്തുടങ്ങി. ആഗോള സാമ്പത്തികമാന്ദ്യത്തെ തുടർന്ന് ഗൾഫ് നാടുകളിലുണ്ടായ തൊഴിലവസരങ്ങളുടെയും വേതനത്തിന്റെയും കുറവ്, കുറഞ്ഞ വേതനത്തിന് പണിയെടുക്കുവാൻ തയ്യാറായിയെത്തുന്ന അന്യരാജ്യത്തൊഴിലാളികൾ, വിസയുടെയും യാത്രയുടെയും ചെലവിലുണ്ടായ വൻ വർദ്ധന, കേരളത്തിൽ തൊഴിലവസരങ്ങളിലും വേതനത്തിലും ഉണ്ടായ വർദ്ധനവ് എന്നിവ പ്രവാസ ജീവിതം അവസാനിപ്പിക്കുവാൻ മലയാളിയെ പ്രേരിപ്പിച്ചു. 2008-ൽ 11.6 ലക്ഷം പ്രവാസികളും 2011-ൽ 11.5 ലക്ഷം പ്രവാസികളും കേരളത്തിൽ മടങ്ങിയെത്തിയിട്ടുണ്ട്.

4. ഗൾഫ് രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ മലയാളികളുള്ളത് യു.എ.ഇ.ലാണ്. സൗദി അറേബ്യയാണ് രണ്ടാം സ്ഥാനത്ത് വരുന്നത്. സി.ഡി.എസ്. നടത്തിയ 2011-ലെ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം ഏകദേശം 5.74 ലക്ഷം മലയാളികൾ സൗദി അറേബ്യയിൽ പണിയെടുക്കുന്നുണ്ട്. എട്ടു ലക്ഷത്തിലധികം മലയാളികൾ സൗദി അറേബ്യയിലുണ്ടെന്ന് അനൗദ്യോഗിക കണക്കുകളും സൂചിപ്പിക്കുന്നു. ഏറ്റവും കൂടുതൽ പ്രവാസി മലയാളികളുള്ള രണ്ടാമത്തെ രാജ്യമായ സൗദി അറേബ്യയിലെ ഭരണാധികാരികൾ സമീപകാലത്തായി കർശനമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തൊഴിൽ നിയമങ്ങളാണ് പ്രവാസി മലയാളികളുടെയും ഒപ്പം കേരളത്തിന്റെയും പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചിരിക്കുന്നത്. സൗദി അറേബ്യയെ പിൻതുടർന്ന് കുവൈത്തും സ്വദേശീവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

5. മറ്റൊരു രാജ്യത്തിന്റെ നയപരമായ തീരുമാനങ്ങളിൽ ഇടപെടാനാകില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. എങ്കിലും തൊഴിൽ നിയമങ്ങൾ കർക്കശമാക്കുവാൻ സൗദി അറേബ്യൻ ഭരണാധികാരികളെ നിർബന്ധിതരാക്കിയ സാഹചര്യം കണ്ടില്ലായെന്ന് നടിക്കുവാൻ സമിതിക്കാകില്ല. സൗദിയിലെ മൊത്തം ജനസംഖ്യയുടെ 31% പേരും വിദേശികളാണ്. ഏകദേശം 84 ലക്ഷം വിദേശികൾ സൗദിയിലുണ്ട്. വിദേശികളുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവ് അടിസ്ഥാന സൗകര്യങ്ങളിലും പൊതുസേവനമേഖലകളിലും കടുത്ത പ്രതിസന്ധികളുണ്ടാക്കി. കൂടാതെ തദ്ദേശീയർ സ്വാശ്രയശീലവും സ്വന്തം കഴിവും ശേഷിയും നശിപ്പിച്ച് അലസൻമാരായി മാറുന്നതുൾപ്പെടെയുള്ള നിരവധി സാമൂഹിക പ്രശ്നങ്ങളും ഉടലെടുത്തു. സ്വന്തം നാടിന്റെ വികസനത്തിനുപകരിക്കേണ്ട ഭീമമായ തുക വിദേശികൾ അവരവരുടെ രാജ്യങ്ങളിലേക്ക് അയയ്ക്കുന്നതും, അത് വഴിയുണ്ടാകുന്ന മൂലധനശോഷണവും സൗദി ഭരണാധികാരികൾ ഗൗരവമായി കണ്ടുതുടങ്ങി. വിദേശികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് രാജ്യസുരക്ഷയ്ക്കുകൂടി ഭീഷണിയായതോടെ സൗദിഭരണാധികാരികൾ വിദേശികളുടെ എണ്ണം 31%-ൽനിന്നും 20%ത്തിലേക്കെത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുതുടങ്ങി. കൂടാതെ ഓരോ വർഷവും പഠനം പൂർത്തിയാക്കുന്ന ഏകദേശം മൂന്നര ലക്ഷത്തോളം വരുന്ന സൗദിയിലെ യുവതലമുറയ്ക്ക് തൊഴിലും വേതനവും ഉറപ്പുവരുത്തുകയെന്ന ഉത്തരവാദിത്തം നടപ്പിലാക്കാനും സൗദിസർക്കാർ ശ്രമമാരംഭിച്ചു. അതിന്റെ തുടർച്ചയായി രാജ്യത്തിലെ അനധികൃത താമസക്കാരെയും തൊഴിലാളികളെയും കണ്ടെത്തി ഒഴിവാക്കുന്നതിനും തൊഴിൽ മേഖലയിൽ സ്വദേശികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി സൗദിസർക്കാർ 2011 നവംബർ മാസം മുതൽ നടപ്പിലാക്കിത്തുടങ്ങിയ തൊഴിൽ പദ്ധതിയാണ് നിതാഖാത്ത്. സ്വദേശികൾക്കും നിയമവിധേയമായെത്തിയ വിദേശികൾക്കും തൊഴിൽ ഉറപ്പുവരുത്തുവാനാണ് സൗദിസർക്കാർ ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടതെന്ന വസ്തുത സമിതി തിരിച്ചറിയുന്നു.

6. നിതാഖാത്ത് പദ്ധതി പ്രകാരം എല്ലാ വിദേശ സ്ഥാപനങ്ങളും അടച്ചുപൂട്ടുവാൻ സൗദിസർക്കാർ ഉദ്ദേശിക്കുന്നില്ല. മറിച്ച് എല്ലാ സ്ഥാപനങ്ങളിലും നിശ്ചിത ശതമാനം സ്വദേശികളെ നിയമിക്കുവാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. സ്വദേശികൾക്ക് നൽകുന്ന നിയമനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ വിവിധ പട്ടികയിൽപ്പെടുത്തി സ്വദേശികളുടെ നിയമനത്തിൽ മികവു കാട്ടിയ സ്ഥാപനങ്ങളെ,

'നീല' വിഭാഗത്തിലും, നിയമം അനുശാസിക്കുംവിധം സ്വദേശികളെ നിയമിച്ച സ്ഥാപനങ്ങളെ 'പച്ച' വിഭാഗത്തിലും, ഭാഗികമായി നിയമനം നൽകിയ സ്ഥാപന ങ്ങളെ 'മഞ്ഞ' വിഭാഗത്തിലും, സ്വദേശികളെ ഒട്ടുംതന്നെ നിയമിക്കാത്ത സ്ഥാപന ങ്ങളെ 'ചുവപ്പു' വിഭാഗത്തിലും ഉൾപ്പെടുത്തി. തൊഴിൽ മന്ത്രാലയത്തിന്റെ ആനുകൂല്യങ്ങൾ 'പച്ച', 'നീല' വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി. 'മഞ്ഞ' വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾ ആറ് വർഷത്തിനുള്ളിൽ നിശ്ചിത ശതമാനം സ്വദേശികൾക്ക് നിയമനം നൽകി 'പച്ച' വിഭാഗത്തിലേക്ക് മാറിയില്ലെങ്കിൽ അവരുടെ വർക്ക് പെർമിറ്റും തുടർന്ന് റസിഡന്റ് പെർമിറ്റും പുതുക്കി നൽകുന്നതല്ലായെന്നും അവർ രാജ്യം വിടേണ്ടതാണെന്നും വ്യവസ്ഥ ചെയ്തു. 'ചുവപ്പ്' വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങളുടെ വർക്ക് പെർമിറ്റ് ഒരു കാരണ വശാലും പുതുക്കുന്നതല്ലായെന്നും പെർമിറ്റ് കാലാവധി തീരുന്നമുറയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർ സ്വന്തം നാടുകളിലേക്ക് മടങ്ങേണ്ടതാണെന്നും വ്യവസ്ഥ ചെയ്തു. എന്നാൽ ഈ വ്യവസ്ഥകളെല്ലാംതന്നെ പത്തിൽ കൂടുതൽ ജോലിക്കാരുള്ള സ്ഥാപനങ്ങൾക്ക് മാത്രമാണ് ആദ്യകാലത്ത് ബാധകമാക്കിയിരുന്നത്. എന്നാൽ 2013 മാർച്ച് 13-ന് പത്തിൽ താഴെ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലും 10% സ്വദേശികളെ നിയമിക്കണം എന്ന വ്യവസ്ഥ കർക്കശമാക്കിയപ്പോഴാണ് മലയാളികൾ ഉൾപ്പെടെയുള്ള വിദേശികളെ ഇത് കാര്യമായി ബാധിച്ചത്. കാരണം മലയാളികളു ടേതടക്കം അനേകം സ്ഥാപനങ്ങൾ ചുവപ്പ് പട്ടികയിലാണ്. സൗദിയിലെ ഏഴുലക്ഷ ത്തോളം ചെറുകിട സ്ഥാപനങ്ങളിൽ 80 ശതമാനവും വ്യവസ്ഥകൾ പാലിച്ചിട്ടില്ലാ യെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

7. കുടുംബ വിസയിലെത്തുന്നവരെ ഒരു കാരണവശാലും ജോലിചെയ്യാൻ അനു വദിക്കുന്നതല്ലായെന്ന സൗദിസർക്കാരിന്റെ നിബന്ധനയും പ്രവാസി ഗൾഫ് മലയാളികളുടെ നിലനില്പിനെ ദോഷകരമായി ബാധിച്ചേക്കാം. ഭർത്താവിനോടൊപ്പമോ ഭാര്യയോടൊപ്പമോ സൗദിയിലെത്തിയ ഭൂരിഭാഗം പേരും അവിടെ എന്തെങ്കിലും ജോലി ചെയ്തുവരികയായിരുന്നു. അവർക്കും നിയമവിധേയമായ തൊഴിൽവിസ നേടുവാൻ കഴിഞ്ഞില്ലെങ്കിൽ ജോലിചെയ്യാതെ കുടുംബവിസയിൽ തുടരേണ്ടതായോ അല്ലെങ്കിൽ, നാട്ടിലേക്ക് മടങ്ങേണ്ടതായോ വരും.

8. ഒരു രാജ്യം അതിന്റെ ആഭ്യന്തരസുരക്ഷയ്ക്കും പുരോഗതിക്കും, ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി കൈക്കൊള്ളുന്ന നിയമങ്ങൾ വിമർശനവിധേയമാക്കുവാൻ സമിതി തയ്യാറല്ല. എന്നാൽ തൊഴിലും വരുമാനവും നഷ്ടപ്പെട്ട് അപ്രതീക്ഷിത സമയത്ത് മടങ്ങേണ്ടിവരുന്ന പ്രവാസിമലയാളികളുടെ സുരക്ഷിത ഭാവിക്കുവേണ്ട നടപടികൾ സ്വീകരിക്കുക എന്ന പ്രാഥമിക കർത്തവ്യത്തിൽനിന്നും മാറി നിൽക്കുവാൻ സമിതി ആഗ്രഹിക്കുന്നുമില്ല.

9. സൗദി അറേബ്യയിലും കുവൈത്തിലും തൊഴിൽ നിയമങ്ങൾ കർക്കശമാക്കി യതിനെത്തുടർന്ന് ഏകദേശം 5615 പ്രവാസികൾ ഇതിനകം കേരളത്തിൽ മടങ്ങി യെത്തിയിട്ടുണ്ട്. ഇപ്പോൾ പ്രതിദിനം നൂറോളം പേർ മടങ്ങിയെത്തിക്കൊണ്ടിരിക്കുന്നു. ജോലി നഷ്ടപ്പെട്ട അയ്യായിരത്തോളംപേർ ഔട്ട്പാസിനായി സൗദിയിലെ ഇന്ത്യൻ എംബസിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കു ന്നത്. കുടുംബവിസയിലെത്തി ജോലിചെയ്യുന്നവർക്കെതിരെയുള്ള നടപടി ശക്തമാക്കു ന്നതോടെ മലയാളി വനിതകളുൾപ്പെടെ കൂടുതൽ പേർ തിരിച്ചെത്തുമെന്നും ഏകദേശം 15000 പേർ മടങ്ങിയെത്താനിടയുണ്ടെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

10. തൊഴിൽ നിയമങ്ങൾ കർക്കശമാക്കുന്നതിനുള്ള സമയപരിധി സൗദി സർക്കാർ 2013 നവംബർ നാല് വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിലും ഈ നിയമംമൂലം ഗൾഫ് രാജ്യങ്ങളിൽനിന്നും മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരം തേടുവാൻ നിയമസഭാ സമിതി കാത്തു നിന്നില്ല. മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ തൊഴിൽ നിയമംമൂലം മടങ്ങിവന്ന പ്രവാസികളെ 2013 ജൂൺ മാസം 6-ാം തീയതി, മലപ്പുറം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിളിച്ചുചേർക്കുകയും മടങ്ങി വന്ന ഏകദേശം ആയിരത്തോളം പ്രവാസികളുമായും സംഘടനാ പ്രതിനിധികളു മായും ചർച്ച നടത്തുകയും അവരിൽ നിന്നും പരാതികൾ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത സംഗമത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളു മാണ് സമിതി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

11. പ്രയാസങ്ങൾക്കും പ്രതിസന്ധികൾക്കുമിടയിൽ ദീർഘകാലം പ്രവാസ ജീവിതം നയിച്ച് പിറന്ന നാടിന്റെ നാനാവിധമായ വികസനത്തിന് വേണ്ടി പ്രയത്നി ക്കുകയും ആകസ്മികമായി ജോലിയും വരുമാനവും നഷ്ടപ്പെട്ട് മടങ്ങിയെത്തുകയും ചെയ്ത പ്രവാസികൾക്ക് സ്വന്തം നാട്ടിൽ സ്വസ്ഥമായ ഒരു ജീവിതം നയിക്കാൻവേണ്ട സാഹചര്യമൊരുക്കുക എന്നതാണ് ഏറ്റവും അടിയന്തിര പ്രാധാന്യം അർഹിക്കുന്ന വിഷയമെന്ന് സമിതി കരുതുന്നു. സൗദിസർക്കാർ ദീർഘിപ്പിച്ചു നൽകിയ സമയ പരിധി അവസാനിക്കുന്ന നവംബർ നാലിന് മുമ്പ് അവിടെയുള്ള നിയമവിധേയമായ വിസയില്ലാതെ ജോലി ചെയ്യുന്ന മുഴുവൻ പ്രവാസി മലയാളികളെയും അവർ ജയിലു കളിൽ അടയ്ക്കപ്പെടുവാൻ ഇടനൽകാതെ സുരക്ഷിതരായി സ്വന്തം നാട്ടിൽ തിരികെ എത്തിക്കുവാൻ വേണ്ട സത്വരനടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ഗൾഫിൽനിന്നും പ്രവാസികൾ കൂട്ടത്തോടെ മടങ്ങിവരുന്ന അവസരങ്ങളി ലെല്ലാം വിമാന കമ്പനികൾ വിമാനങ്ങൾ റദ്ദാക്കുകയും യാത്രാനിരക്ക് ക്രമാതീതമായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന പതിവ് വർഷങ്ങളായി തുടർന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. നവംബർ നാലോട് കൂടി, ഈ ക്രമവിരുദ്ധ നടപടി ശക്തമാകു മെന്നും സമിതി ആശങ്കപ്പെടുന്നു. ആയതിനാൽ, രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പ്രവാസികൾക്കും കാലതാമസംകൂടാതെ മടങ്ങിയെത്തുന്നതിന് ആവശ്യമായ വിമാന സർവ്വീസുകൾ ഏർപ്പെടുത്തണമെന്നും കഴിയുമെങ്കിൽ സൗജന്യമായി അല്ലെങ്കിൽ ഏറ്റവുംകുറഞ്ഞ നിരക്കിൽ അവർക്ക് ടിക്കറ്റുകൾ ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. നിയമവിധേയമല്ലാത്ത വിസയിലെത്തി ജോലി ചെയ്യുന്ന രണ്ട് ലക്ഷത്തോളം മലയാളികൾ സൗദി അറേബ്യയിലുണ്ട്. അവർക്ക് ജോലി നൽകിയതുകൊണ്ട് നിയമ നടപടി നേരിടേണ്ടതായിവരുന്ന ചെറുകിടസ്ഥാപന ഉടമകളായ മലയാളികളുമുണ്ട്. ഇത്തരക്കാരെ കണ്ടെത്താനുള്ള നടപടികൾ ശക്തമാക്കുമെന്നുതന്നെയാണ് സൗദി സർക്കാർ ആവർത്തിച്ചു പറയുന്നത്. സമയബന്ധിതമായി വേണ്ട നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അവർ പോലീസ് പിടിയിലാകാനും തുടർന്ന് ജയിലിലടയ്ക്ക പ്പെടാനും സാധ്യതയുണ്ടെന്ന സത്യം സമിതി മനസ്സിലാക്കുന്നു. ഈ പ്രശ്നം സൗദിയിൽ വച്ചുതന്നെ പരിഹരിക്കാനുള്ള അവസരം ഉപയോഗപ്പെടുത്തണമെന്നും സൗദി അധികൃതരുമായും മലയാളി സംരംഭകരുമായും കൂടി ചേർന്ന് ദീർഘ വീക്ഷണത്തോടെ യുള്ള നടപടികൾ സത്വരമായി കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

14. സൗദി അറേബ്യയിൽ മലയാളികളാലും ഭാരതീയരാലും നടത്തപ്പെടുന്നതും പച്ച, നീല വിഭാഗത്തിൽപ്പെടുന്നതുമായ നിരവധി സംരംഭങ്ങളുണ്ട്. സൗദി തൊഴിൽ മന്ത്രാലയം തയ്യാറാക്കിയ റിപ്പോർട്ടിൽ നിന്ന് ഇവയെ കണ്ടെത്തി പ്രസ്തുത സ്ഥാപനങ്ങളെയും പ്രതിസന്ധി നേരിടുന്ന തൊഴിലാളികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സംവിധാനം എംബസി മുഖാന്തിരമോ, കോൺസുലേറ്റുകൾ മുഖാന്തിരമോ ഏർപ്പെടുത്തിയാൽ ഇന്ത്യൻ/മലയാളി സംരംഭകരുടെ സഹകരണം പരമാവധി ഉപയോഗപ്പെടുത്തി തൊഴിൽ അവസരങ്ങൾ കണ്ടെത്തുവാനും അതുവഴി മടങ്ങിവരാൻ നിർബന്ധിതരാകുന്ന ആയിര കണക്കിന് പ്രവാസികൾക്ക് നിയമവിധേയമായ ജോലി നൽകുവാനും സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അത്തരമൊരു സംവിധാനം അടിയന്തിരമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. നിയമവിധേയമല്ലാതെ സൗദിയിലെത്തിയ പ്രവാസികളിൽ പകുതിയിലേറെ പേരും നിയമപരമായ അജ്ഞതമൂലം ഈ പ്രതിസന്ധിഘട്ടത്തിലും രക്ഷനേടുന്നതി നായി ഇന്ത്യൻസ്ഥാനപതി കാര്യാലയത്തിനെ സമീപിക്കുന്നില്ലായെന്ന കാര്യം സമിതി മനസ്സിലാക്കിയിട്ടുണ്ട്. പലരും സൗദി പോലീസിനെയെന്നപോലെ ഇന്ത്യൻ അധികൃ തരെയും പേടിക്കുന്നുണ്ട്. ഈയൊരവസ്ഥക്ക് അടിയന്തിരമായി മാറ്റം വരുത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു. ഇന്ത്യൻ സ്ഥാനപതി കാര്യാലയവും മറ്റും ഇന്ത്യക്കാരെ സഹായിക്കാനുള്ളതാണ് എന്ന് പ്രവാസികളെ ബോധ്യപ്പെടുത്താൻ കഴിയണം. സൗദി അറേബ്യയിൽ തൊഴിൽ പ്രതിസന്ധി നേരിടുന്ന മലയാളികളിൽ ഏറെപ്പേരും മലയാള ഭാഷ മാത്രം കൈകാര്യം ചെയ്യുവാൻ കഴിയുന്നവരാണ്. അതിനാൽ ഫലപ്രദമായി അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന തിനുമായി സ്ഥാനപതി കാര്യാലയത്തിൽ മലയാളഭാഷ കൈകാര്യം ചെയ്യാൻ കഴിയുന്നവരും സൗദി തൊഴിൽ നിയമങ്ങൾ അറിയാവുന്നവരുമായ ഉദ്യോഗസ്ഥരെ അടിയന്തിരമായി നിയമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. എന്തെങ്കിലും ക്രമക്കേടുകളോ വീഴ്ചകളോ സംഭവിച്ചിട്ടുള്ള പ്രവാസികൾക്ക് അത് പരിഹരിക്കാ നുള്ള വഴികൾ സൗഹാർദ്ദപൂർവ്വം പറഞ്ഞുകൊടുക്കാൻ എംബസി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. ഫ്രീവിസക്കാരെ കണ്ടെത്തി അവരെ ഡീപോർട്ടേഷൻ സെന്റർവഴി നാടു കടത്താനും അവർ വീണ്ടും തൊഴിൽതേടി സൗദിയിലെത്താതിരിക്കാനുമുള്ള നടപടികളാണ് സൗദി അധികൃതർ കൈക്കൊള്ളുന്നതെന്ന് സമിതി മനസ്സിലാ ക്കുന്നു. അത്തരക്കാർക്ക് തൊഴിൽവിസ മാത്രമല്ല, സന്ദർശക വിസപോലും ഭാവിയിൽ ലഭിക്കാനിടയില്ല. നിയമവിരുദ്ധ തൊഴിലാളികൾക്കെതിരെ പൊതു നടപടികൾക്ക് ഗൾഫ് രാജ്യങ്ങൾ ഒരുമിച്ച് ആലോചിക്കുന്നതിനാൽ ഈ പ്രവേശന വിലക്ക് ഭാവിയിൽ എല്ലാ ഗൾഫ് രാജ്യങ്ങൾക്കും ബാധകമാക്കാനിടയു ണ്ടെന്ന് സമിതി ആശങ്കപ്പെടുന്നു. അങ്ങനെ സംഭവിച്ചാൽ പ്രവാസികളുടെ ഗൾഫ് സ്വപ്നംതന്നെ എന്നന്നേക്കുമായി നഷ്ടപ്പെട്ടേക്കാം. ഇതിന് പരിഹാരമായി ഇപ്പോൾ നിതാഖാത്ത്മൂലം നാട്ടിലേക്ക് മടങ്ങിവരുന്നവർക്ക് ഭാവിയിൽ ശരിയായ രേഖകളും നിയമാനുസൃത വിസയുമായി ഗൾഫ് രാജ്യങ്ങളിലേക്ക് തിരിച്ചെത്താനുള്ള അനുമതി ലഭ്യമാക്കാൻ വേണ്ട പരിശ്രമം നടത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു.

തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിയമലംഘനം നടത്തിയവർക്കും പൊതുമാപ്പ് പ്രഖ്യാപനത്തോടെ രാജ്യം വിടുന്നതിനും അവർക്ക് ഭാവിയിൽ സൗദി അറേബ്യയിലേക്ക് പ്രവേശന വിലക്ക് ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ഫ്രീവിസക്കാർ, ചുവപ്പ്, മഞ്ഞ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളിലെ ജീവനക്കാർ എന്നിവർക്ക് സ്പോൺസറെ മാറ്റാനുള്ള സൗകര്യം ഇപ്പോൾ ലഭ്യമാണ്. എന്നാൽ, ആയതിന് ഉയർന്ന നിരക്കിലുള്ള ഫീസാണ് ചുമത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഈ ഉയർന്ന ഫീസ് നൽകാനുള്ള കഴിവ് മിക്ക പ്രവാസികൾക്കും ഇല്ലായെന്ന കാര്യവും സമിതിക്ക് ബോധ്യമായിട്ടുണ്ട്. ആയതിനാൽ, നിതാഖാത്തിന്റെ ഭാഗമായുള്ള സ്പോൺസർഷിപ്പ് മാറ്റങ്ങൾക്ക് ഫീസിളവ് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും, ഫീസിളവ് ലഭിക്കുന്നില്ലെങ്കിൽ ഇതേ ആവശ്യത്തിനായി പലിശരഹിതമോ നാമമാത്രമായ പലിശ സഹിതമോ ആയ വായ്പകൾ അത്തരക്കാർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു. വ്യക്തിഗത സ്പോൺസർഷിപ്പിലുള്ളവർക്കും സ്പോൺസർഷിപ്പും ജോലിയും മാറാൻ ഇളവ് അനുവദിക്കുമെന്ന് സൗദി ഭരണകൂടം വ്യക്തമാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തുവാനും അത്തരത്തിലുള്ള പരമാവധി പ്രവാസികളെ നിയമാനുസൃത തൊഴിലാളികളാക്കി മാറ്റുവാനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും പ്രവാസികളെ സ്പോൺസർഷിപ്പ് മാറ്റത്തിന് സഹായിക്കുവാനായി സൗദിയിലെ ഇന്ത്യൻ എംബസിയിൽ ഹെൽപ്പ് ഡസ്ക് ആരംഭിക്കണമെന്നും മറ്റ് ഗൾഫ് രാജ്യങ്ങളിൽനിന്നും തൊഴിൽ നിയമംമൂലം മടങ്ങുന്നവർക്കും ഹെൽപ്പ് ഡസ്ക് സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

18. സ്പോൺസറുടെ അനുവാദത്തോടെ മറ്റ് സ്ഥലങ്ങളിൽ ജോലി നോക്കുകയും പോലീസിനാൽ പിടിക്കപ്പെട്ട് കുറ്റവാളികളായി മുദ്രകുത്തപ്പെടുകയും ചെയ്ത (ഹുറൂബ്) നിരവധി മലയാളികൾ സൗദിയിലുണ്ടെന്ന കാര്യം സമിതി മനസ്സിലാക്കുന്നു. നിതാഖാത്തിന്റെ ഭാഗമായി ഈ വിഭാഗത്തിൽപ്പെട്ട പ്രവാസികൾക്കും പൊതുമാപ്പ് ലഭ്യമാക്കി കുറ്റവിമുക്തരാക്കുന്നതിനും അവർക്കും നിയമവിധേയമായ സ്പോൺസർഷിപ്പ് മാറ്റത്തിന് അവസരം ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

19. സൗദിയിൽ ചെറുകിട വ്യാപാര സ്ഥാപനങ്ങൾ നടത്തുന്ന മലയാളികളിൽ 90 ശതമാനവും ബിനാമികളാണെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. വ്യാപാര സ്ഥാപനങ്ങൾ തുടങ്ങാനുള്ള ലൈസൻസ് സൗദി പൗരന്മാർക്ക് മാത്രമേ ലഭ്യമാകൂ. എന്നാൽ അവർ പണം മുടക്കുകയോ സ്ഥാപനം നടത്തുകയോ ചെയ്യുന്നില്ല. സ്ഥാപനം നടത്തുന്നവരിൽ നിന്നും ഒരു നിശ്ചിത തുക ഫീസായി അവർ വാങ്ങുന്നുമുണ്ട്. എന്നാൽ, നിയമത്തിന് മുന്നിലെത്തുമ്പോൾ ഇത്തരം സ്ഥാപനങ്ങൾ അനധികൃതമാകുകയും നിയമ നടപടികൾ നേരിടേണ്ടി വരികയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ചെറുകിട സ്ഥാപനങ്ങൾക്ക് വ്യവസ്ഥാപിത മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും ഇപ്പോഴുള്ള സംവിധാനത്തിന് തന്നെ നിയമസാധുത നൽകാവുന്നതാണോയെന്ന് പരിശോധിക്കുന്നതിനും വേണ്ട സജീവമായ ശ്രമം ഈ അവസരത്തിൽ നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. കുവൈത്തിലെ തൊഴിൽ നിയമങ്ങൾ പ്രവാസികൾക്ക് ഏറ്റവും യാതനാ പൂർണ്ണമായി മാറിക്കൊണ്ടിരിക്കുകയാണ്. നിയമവിധേയമായ വിസയുള്ള പ്രവാസികൾപോലും കുവൈത്തിൽ ശിക്ഷിക്കപ്പെടുകയാണ്. വിദേശ പൗരന്മാർക്ക് നൽകേണ്ട സ്വാഭാവിക നീതിപോലും കുവൈത്തിലെ പ്രവാസികൾക്ക് നിഷേധിക്കപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ഈയൊരു നിർണ്ണായകാവസ്ഥയിൽപോലും കുവൈത്തിലെ ഇന്ത്യൻ എംബസി പ്രവാസികളുടെ സംരക്ഷണത്തിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതികളും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിടിക്കപ്പെടുന്ന പ്രവാസികളെ എംബസിയുമായി ബന്ധപ്പെടുത്താതെ നേരിട്ട് ജയിലുകളിലെത്തിക്കുന്നതായി പറയപ്പെടുന്നു. ഈ സാഹചര്യത്തിൽ കുവൈത്തിലെ നിയമവിധേയരായ പ്രവാസികളുടെ തൊഴിൽ സംരക്ഷണത്തിനും മറ്റുള്ളവരുടെ സുരക്ഷിതമായ തിരിച്ചുവരവിനും വേണ്ട സത്വര നടപടികൾ കൈക്കൊള്ളുവാൻ കുവൈത്തിലെ ഇന്ത്യൻ എംബസിക്കുവേണ്ട നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. സ്വദേശിവൽക്കരണ പ്രക്രിയ പൂർത്തിയായശേഷം ഗൾഫ് നാടുകളിൽ വിവിധ മേഖലകളിൽ ധാരാളം ഒഴിവുകൾ ഉണ്ടാകുമെന്ന കാര്യം സമിതി മനസ്സിലാക്കുന്നു. ഈ ഒഴിവുകളിലേക്ക് നിയമിക്കപ്പെടുവാൻ മുൻപരിചയമുള്ളവർക്ക് മുൻഗണന ലഭിക്കുമെന്ന് സമിതിക്കുറപ്പുണ്ട്. ഈ സാഹചര്യത്തിൽ, മടങ്ങിവന്ന പ്രവാസികൾക്കുതന്നെ പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം ലഭിക്കാനുതകുന്ന നടപടികൾ കൈക്കൊള്ളണമെന്നും, നിതാഖാത്ത് നിയമം കർശനമാക്കുന്നതിനനുവദിച്ച സാവകാശം ആറു മാസമായി ദീർഘിപ്പിച്ചു കിട്ടുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും, ഗൾഫിലെ തൊഴിൽ സാധ്യതകൾ പഠിക്കാനും തൊഴിലന്വേഷകർക്ക് തൊഴിൽ പരിചയം നൽകാനും സഹായകരമാകുംവിധം ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

22. ഗൾഫ് നാടുകളിൽ നിന്നും മടങ്ങിവരുന്ന ഭൂരിഭാഗംപേരും വിവിധ തൊഴിലുകളിൽ മികവാർന്ന വൈദഗ്ദ്ധ്യവും കഴിവും നേടിയവരാണ്. അവരുടെ തൊഴിൽ പരിചയവും സമ്പാദ്യവും ഫലപ്രദമായി ഉപയോഗിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണമെന്ന് സമിതി ആഗ്രഹിക്കുന്നു. ഇത്തരക്കാരെ ഒരുമിച്ച് ചേർക്കുവാനായി ജില്ലാ ആസ്ഥാനങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും തങ്ങളുടെ തൊഴിൽ വൈദഗ്ദ്ധ്യവും സമ്പാദ്യവും ഫലപ്രദമായി ഉപയോഗിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശം നൽകണമെന്നും അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം അംഗീകരിക്കുന്ന യോഗ്യതാസർട്ടിഫിക്കറ്റ് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. മടങ്ങിവന്ന പ്രവാസികളെ ഒരുമിച്ച് ചേർത്ത് സഹകരണ മേഖലയിലോ അല്ലാതെയോ വാണിജ്യ-വ്യവസായ സംരംഭങ്ങളും മറ്റിതര വരുമാന സംരംഭങ്ങളും ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പ്രോത്സാഹനവും നൽകുകയും വയബിൾ പ്രോജക്ട് കണ്ടെത്തി കൊടുക്കുകയും ചെയ്താൽ സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിൽ അതൊരു വിപ്ലവകരമായ മാറ്റത്തിന് നാന്ദി കുറിക്കുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. അത്തരക്കാരുടെ പരിശ്രമം ചുവപ്പ് നാടയിൽ പെടാതിരിക്കാനായി ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്നും അത്തരം വാണിജ്യ-വ്യവസായ സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും തൊഴിൽ നിയമംമൂലം തിരിച്ചെത്തുന്ന പ്രവാസികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മുൻകാല പ്രാബല്യത്തോടെ പേര് രജിസ്റ്റർ ചെയ്യാൻ അനുമതി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

24. സംസ്ഥാനത്തിന്റെ വിവിധോന്മുഖമായ വികസന പദ്ധതികൾക്കായി കോടിക്കണക്കിന് രൂപയുടെ വിദേശ വായ്പകളും വിദേശ നിക്ഷേപങ്ങളും കേരളം സ്വായത്തമാക്കുന്നുണ്ട്. വിദേശ വായ്പകൾക്ക് വൻതുക പലിശയായും വിദേശ നിക്ഷേപങ്ങൾക്ക് വൻതോതിൽ സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ട്. എന്നാൽ കോടിക്കണക്കിന് രൂപ ഓരോ സാമ്പത്തികവർഷവും കേരളത്തിലെത്തിക്കുന്ന പ്രവാസികൾക്ക് ഇത്തരത്തിലുള്ള യാതൊരു ആനുകൂല്യങ്ങളും നൽകുന്നില്ല. ആയതിനാൽ പ്രവാസികളുടെ കേരളത്തിലെ നിക്ഷേപങ്ങൾക്കും അവർ കേരളത്തിലെത്തിക്കുന്ന സമ്പത്തിനും പരിഗണനാർഹമായ ആനുകൂല്യങ്ങൾ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അബ്ദുറഹിമാൻ രണ്ടത്താണി,

*അദ്ധ്യക്ഷൻ,*
*പ്രവാസിമലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2013 ജൂലൈ 8.

അനുബന്ധം

## സമിതിയുടെ ശുപാർശകൾ/നിർദ്ദേശങ്ങൾ

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *വകുപ്പ്* | *ശുപാർശ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 11 | പ്രവാസി കേരളീയകാര്യ വകുപ്പ് (നോർക്ക) | സൗദിസർക്കാർ ദീർഘിപ്പിച്ചു നൽകിയ സമയപരിധി അവസാനിക്കുന്ന നവംബർ നാലിന് മുമ്പ് അവിടെയുള്ള നിയമവിധേയ മായ വിസയില്ലാതെ ജോലി ചെയ്യുന്ന മുഴുവൻ പ്രവാസി മലയാളികളെയും അവർ ജയിലുകളിൽ അടയ്ക്കപ്പെടുവാൻ ഇട നൽകാതെ സുരക്ഷിതരായി സ്വന്തം നാട്ടിൽ തിരികെ എത്തിക്കുവാൻ വേണ്ട സത്വര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | 12 | „ | രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പ്രവാസി കൾക്കും കാലതാമസംകൂടാതെ മടങ്ങിയെത്തു ന്നതിന് ആവശ്യമായ വിമാന സർവ്വീസുകൾ ഏർപ്പെടുത്തണമെന്നും കഴിയുമെങ്കിൽ സൗജന്യമായി അല്ലെങ്കിൽ ഏറ്റവുംകുറഞ്ഞ നിരക്കിൽ അവർക്ക് ടിക്കറ്റുകൾ ലഭ്യമാക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 13 | „ | നിയമവിധേയമല്ലാത്ത വിസയിലെത്തി ജോലി ചെയ്യുന്ന രണ്ട് ലക്ഷത്തോളം മലയാളികൾ സൗദി അറേബ്യയിലുണ്ട്. അവർക്ക് ജോലി നൽകിയതുകൊണ്ട് നിയമനടപടി നേരിടേണ്ടതായി വരുന്ന ചെറുകിട സ്ഥാപന ഉടമക ളായ മലയാളികളുമുണ്ട്. ഈ പ്രശ്നം സൗദിയിൽ വച്ചുതന്നെ പരിഹരിക്കാനുള്ള അവസരം ഉപയോഗപ്പെടുത്തണമെന്നും സൗദി അധികൃതരുമായും മലയാളി സംരംഭ കരുമായും കൂടി ചേർന്ന് ദീർഘ വീക്ഷണ ത്തോടെയുള്ള നടപടികൾ സത്വരമായി കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 14 | പ്രവാസി കേരളീയകാര്യ വകുപ്പ് (നോർക്ക) | സൗദി അറേബ്യയിൽ മലയാളികളാലും ഭാരതീയരാലും നടത്തപ്പെടുന്നതും പച്ച, നീല വിഭാഗത്തിൽപ്പെടുന്നതുമായ നിരവധി സംരംഭങ്ങളുണ്ട്. സൗദി തൊഴിൽ മന്ത്രാലയം തയ്യാറാക്കിയ റിപ്പോർട്ടിൽ നിന്ന് ഇവയെ കണ്ടെത്തി പ്രസ്തുത സ്ഥാപനങ്ങളെയും പ്രതിസന്ധി നേരിടുന്ന തൊഴിലാളികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സംവിധാനം എംബസി മുഖാന്തിരമോ, കോൺസുലേറ്റുകൾ മുഖാന്തിരമോ ഏർപ്പെടുത്തിയാൽ ഇന്ത്യൻ/ മലയാളി സംരംഭകരുടെ സഹകരണം പരമാവധി ഉപയോഗപ്പെടുത്തി തൊഴിൽ അവസരങ്ങൾ കണ്ടെത്തുവാനും അത് വഴി മടങ്ങിവരാൻ നിർബന്ധിതരാകുന്ന ആയിരകണക്കിന് പ്രവാസികൾക്ക് നിയമവിധേയമായ ജോലി നൽകുവാനും സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അത്തരമൊരു സംവിധാനം അടിയന്തിരമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 5 | 15 | ,, | സ്ഥാനപതി കാര്യാലയത്തിൽ മലയാളഭാഷ കൈകാര്യം ചെയ്യാൻ കഴിയുന്നവരും സൗദി തൊഴിൽ നിയമങ്ങൾ അറിയാവുന്നവരുമായ ഉദ്യോഗസ്ഥരെ അടിയന്തിരമായി നിയമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. എന്തെങ്കിലും ക്രമക്കേടുകളോ വീഴ്ചകളോ സംഭവിച്ചിട്ടുള്ള പ്രവാസികൾക്ക് അത് പരിഹരിക്കാനുള്ള വഴികൾ സൗഹാർദ്ദപൂർവ്വം പറഞ്ഞുകൊടുക്കാൻ എംബസി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 6 | 16 | ,, | തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിയമലംഘനം നടത്തിയവർക്കും പൊതുമാപ്പ് പ്രഖ്യാപനത്തോടെ രാജ്യം വിടുന്നതിനും അവർക്ക് ഭാവിയിൽ സൗദി അറേബ്യയിലേക്ക് പ്രവേശന വിലക്ക് ഉണ്ടാകില്ല എന്ന് ഉറപ്പു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 7 | 17 | പ്രവാസി കേരളീയകാര്യ വകുപ്പ് (നോർക്ക) | നിതാഖാത്തിന്റെ ഭാഗമായുള്ള സ്പോൺ സർഷിപ്പ് മാറ്റങ്ങൾക്ക് ഫീസിളവ് ലഭ്യമാക്കു വാൻ വേണ്ട നടപടികൾ കൈക്കൊള്ളണ മെന്നും, ഫീസിളവ് ലഭിക്കുന്നില്ലെങ്കിൽ ഇതേ ആവശ്യത്തിനായി പലിശരഹിതമോ നാമമാത്രമായ പലിശ സഹിതമോ ആയ വായ്പകൾ അത്തരക്കാർക്ക് അനുവദിക്കുന്നതി നുള്ള നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 8 | 17 | „ | വ്യക്തിഗത സ്പോൺസർഷിപ്പിലുള്ളവർക്കും സ്പോൺസർഷിപ്പും ജോലിയും മാറാൻ ഇളവ് അനുവദിക്കുമെന്ന് സൗദി ഭരണകൂടം വ്യക്തമാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തുവാനും അത്ത രത്തിലുള്ള പരമാവധി പ്രവാസികളെ നിയമാ നുസൃത തൊഴിലാളികളാക്കി മാറ്റുവാനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും പ്രവാസികളെ സ്പോൺസർഷിപ്പ് മാറ്റത്തിന് സഹായിക്കുവാനായി സൗദിയിലെ ഇന്ത്യൻ എംബസിയിൽ ഹെൽപ്പ് ഡസ്ക് ആരംഭി ക്കണമെന്നും മറ്റ് ഗൾഫ് രാജ്യങ്ങളിൽനിന്നും തൊഴിൽ നിയമംമൂലം മടങ്ങുന്നവർക്കും ഹെൽപ്പ് ഡസ്ക് സൗകര്യം ഏർപ്പെടുത്തണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 18 | „ | നിതാഖാത്തിന്റെ ഭാഗമായി ഹുറൂബ് വിഭാഗ ത്തിൽപ്പെട്ട പ്രവാസികൾക്കും പൊതുമാപ്പ് ലഭ്യമാക്കി കുറ്റവിമുക്തരാക്കുന്നതിനും അവർക്കും നിയമവിധേയമായ സ്പോൺ സർഷിപ്പ് മാറ്റത്തിന് അവസരം ലഭ്യമാക്കുന്ന തിനും വേണ്ട നടപടികൾ കൈക്കൊള്ളണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | 19 | പ്രവാസി കേരളീയകാര്യ വകുപ്പ് (നോർക്ക) | സൗദിയിലെ ചെറുകിട സ്ഥാപനങ്ങൾക്ക് വ്യവസ്ഥാപിത മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും ഇപ്പോഴുള്ള സംവിധാനത്തിന് തന്നെ നിയമസാധുത നൽകാവുന്നതാണോയെന്ന് പരിശോധിക്കുന്നതിനും വേണ്ട സജീവമായ ശ്രമം ഈ അവസരത്തിൽ നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 11 | 20 | ,, | കുവൈത്തിലെ നിയമവിധേയരായ പ്രവാസികളുടെ തൊഴിൽ സംരക്ഷണത്തിനും മറ്റുള്ളവരുടെ സുരക്ഷിതമായ തിരിച്ചുവരവിനും വേണ്ട സത്വരനടപടികൾ കൈക്കൊള്ളുവാൻ കുവൈത്തിലെ ഇന്ത്യൻ എംബസിക്കുവേണ്ട നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 12 | 21 | ,, | മടങ്ങിവന്ന പ്രവാസികൾക്കുതന്നെ, ഗൾഫ് നാടുകളിൽ ഭാവിയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമനം ലഭിക്കാനുതകുന്ന നടപടികൾ കൈക്കൊള്ളണമെന്നും, നിതാഖാത്ത് നിയമം കർശനമാക്കുന്നതിനനുവദിച്ച സാവകാശം ആറു മാസമായി ദീർഘിപ്പിച്ചു കിട്ടുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും, ഗൾഫിലെ തൊഴിൽ സാധ്യതകൾ പഠിക്കാനും തൊഴിലന്വേഷകർക്ക് തൊഴിൽ പരിചയം നൽകാനും സഹായകരമാകുംവിധം ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 22 | പ്രവാസി കേരളീയകാര്യ വകുപ്പ് & തൊഴിലും പുനരധിവാസവും വകുപ്പ് | ജില്ലാ ആസ്ഥാനങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും മടങ്ങിവന്ന പ്രവാസികളുടെ തൊഴിൽ വൈദഗ്ദ്ധ്യവും സമ്പാദ്യവും ഫലപ്രദമായി ഉപയോഗിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശം നൽകണമെന്നും അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം അംഗീകരിക്കുന്ന യോഗ്യതാസർട്ടിഫിക്കറ്റ് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | 23 | പ്രവാസി കേരളീയകാര്യ വകുപ്പ്, സഹകരണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്& തൊഴിലും പുനരധിവാസവും വകുപ്പ് | മടങ്ങിവന്ന പ്രവാസികൾക്ക് വാണിജ്യ-വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്നും അത്തരം വാണിജ്യ-വ്യവസായ സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും തൊഴിൽ നിയമംമൂലം തിരിച്ചെത്തുന്ന പ്രവാസികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മുൻകാല പ്രാബല്യത്തോടെ പേര് രജിസ്റ്റർ ചെയ്യാൻ അനുമതി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 24 | പ്രവാസി കേരളീയകാര്യ വകുപ്പ് & ധനകാര്യ വകുപ്പ് | പ്രവാസികളുടെ കേരളത്തിലെ നിക്ഷേപങ്ങൾക്കും അവർ കേരളത്തിലെത്തിക്കുന്ന സമ്പത്തിനും പരിഗണനാർഹമായ ആനുകൂല്യങ്ങൾ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |